ഓഫീസർ മുതൽ എല്ലാ മേലുദ്യോഗസ്ഥരും ഷെഡ്യൂൾ പ്രകാരം പരിശോധിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്ന, 3 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഫയലുകൾ തീർപ്പാക്കുന്നതിന് 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി 2014 മേയ്-ജൂൺ മാസങ്ങളിൽ ഒരു ഫയൽ തീർപ്പാക്കാൻ തീവ്രയത്ന പരിപാടി നടത്തുകയും ഫയലുകൾ തീർപ്പാക്കുകയുമുണ്ടായി. കൂടാതെ ഒരു വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഫയലുകൾ തീർപ്പാക്കുന്നതിനായി 2014 സെപ്റ്റംബർ 22 മുതൽ ഒക്ടോബർ 31 വരെ ഒരു ഫയൽ അദാലത്തുകൂടി നടത്തുകയുണ്ടായി. ഓരോ വകുപ്പും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് വകുപ്പ് തലത്തിൽ ചർച്ച ചെയ്ത് ഫയൽ കെട്ടിക്കിടക്കാതിരിക്കുന്നതിനും ഫയൽ തീർപ്പാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുവാനും തീർപ്പാക്കാൻ അവശേഷിക്കുന്ന ഫയലുകളെ സംബന്ധിച്ച് അവലോകനം നടത്തുവാനും മാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി നീക്കിവയ്ക്കണമെന്നും വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കളക്ടറേറ്റ് മുതൽ താഴോട്ടുള്ള ഓഫീസുകളിൽ നിന്നും യഥാസമയം റിപ്പോർട്ട് ലഭിക്കാത്തത് ഫയലുകളിൽ തീർപ്പുകല്പിക്കുന്നതിന് തടസ്സമുളവാക്കുന്ന ഒരു കാരണമാണ്. സർക്കാർ ആവശ്യപ്പെടുന്ന വിവരങ്ങൾ/റിപ്പോർട്ടുകൾ താമസംവിനാ ലഭ്യമാക്കേണ്ടതാണെന്ന് എല്ലാ വകുപ്പുമേധാവികൾക്കും കർശന നിർദ്ദേശം നൽകണമെന്ന് ഭരണ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കൂടാതെ പഞ്ചദിന ചട്ടം, സേവനാവകാശ നിയമം എന്നിവ നിർബന്ധമായി പാലിക്കുവാനും എല്ലാ ജില്ലാ കളക്ടർമാർക്കും വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ശമ്പളകമ്മീഷൻ

61 (66) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടക്കാലാശ്വാസം ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും സമരസമിതി, സൂചന പണിമുടക്ക് സമരം നടത്തുമെന്ന് അറിയിച്ചിട്ടുണ്ടായിരുന്നോ ;

(ബി) പണിമുടക്ക് നോട്ടീസ് നൽകിയ ജീവനക്കാരുടെയും അധ്യാപകരുടെയും സംഘടനാ നേതാക്കളെ വിളിച്ച് ചർച്ച ചെയ്യുകയുണ്ടായോ; എങ്കിൽ എപ്പോൾ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ ;

(സി) ജീവനക്കാരുടെയും അധ്യാപകരുടെയും ന്യായമായ ആവശ്യം പരിഗണിച്ച് ഇടക്കാലാശ്വാസം നല്കാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ഇടക്കാലാശ്വാസവുമായി ബന്ധപ്പെട്ട് ജീവനക്കാരുടെയും അധ്യാപകരുടെയും സംഘടനാ നേതാക്കളുമായി ചർച്ച നടത്തിയിട്ടില്ല. സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ നിയമിച്ച ശമ്പള പരിഷ്കരണ കമ്മീഷന്റെ പ്രവർത്തനം പുരോഗമിക്കുകയാണ്. കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട കാര്യത്തിൽ സർക്കാർ തീരുമാനമെടുക്കുന്നതാണ്. അതിനാൽ ഇടക്കാലാശ്വാസം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

തിരുവനന്തപുരം ജില്ലയിലെ എൽ.ഡി. ക്ലാർക്ക് നിയമനം

62 (67) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ വിവിധ വകുപ്പുകളിലേക്ക് എൽ.ഡി. ക്ലാർക്ക് തസ്തികയിലേക്ക് പി.എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെന്നാണെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന് എത്ര തവണ കാലാവധി ദീർഘിപ്പിച്ച് നൽകുകയുണ്ടായി ; ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നത് എന്നാണ് ; മെയിൻ ലിസ്റ്റിൽ എത്ര പേരെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; ഇതിൽ നിന്നും എത്ര പേർക്ക് ഇതുവരെ നിയമന ശിപാർശ നൽകിയിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ;

(സി) ഇനിയും എത്ര പേർക്ക് നിയമന ശിപാർശ നൽകുവാനുള്ള ഒഴിവുകൾ നാളിതുവരെ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത് കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഉദ്യോഗക്കയറ്റം മുഖേനയും റിട്ടയർമെന്റ് മൂലമുണ്ടാകുന്ന ഒഴിവുകൾ കണക്കാക്കി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാനാണ് ഇപ്പോൾ വിവിധ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇതിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം വകുപ്പുകൾ എത്ര ഒഴിവുകൾ ഇതിനോടകം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; സർക്കാർ നിർദ്ദേശം അനുസരിച്ച് ഇത്തരം ഒഴിവുകൾ ഇനിയും റിപ്പോർട്ട് ചെയ്തിട്ടില്ലാത്ത വകുപ്പുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly